

REV BR JIPSON CHULLY

# EMMAUS VACHANADOOTH

OCTOBER 27, 2013

VOLUME 4 ISSUE 21

MATTHEW 08 : 23 - 27

## ജീവിതത്തെ ശാന്തമാക്കുന്ന ഈശോ

കൊടുങ്കാറ്റിനെ ശാന്തമാക്കുന്ന ഈശോയുടെ ചിത്രമാണ് തിരുസഭാമാതാവ് മത്തായിയുടെ സുവിശേഷത്തിലൂടെ നമുക്ക് നൽകുന്നത്. പരസ്യജീവിതകാലത്ത് യേശുവും ശിഷ്യന്മാരും തോണിയിൽ സഞ്ചരിക്കുമ്പോൾ ഗലീലി തടാകത്തിൽ അപ്രതീക്ഷിതമായി രൂപപ്പെട്ട കൊടുങ്കാറ്റിൽ പരിഭ്രാന്തരായ ശിഷ്യന്മാരെ യേശു ധൈര്യപ്പെടുത്തുകയും കൊടുങ്കാറ്റിനെ ശാന്തമാക്കുകയും ചെയ്യുന്ന സംഭവമാണിത്.

ഗലീലിക്കടൽ പൊതുവേ ശാന്തമാണ്. ഗലീലിക്കടൽ, തിബേരിയാസ് തടാകം, ഗെനേസറത്ത് തടാകം എന്നീ പേരുകളിൽ ഇത് അറിയപ്പെടുന്നു. തിബേരിയൂസ് സീസറിന്റെ ബഹുമാനാർത്ഥം തിബേരിയാസ് എന്നു പേരിട്ട പട്ടണം ഈ തടാകതീരത്തായിരുന്നതിനാൽ പട്ടണത്തിന്റെ പേര് തടാകത്തിനും ലഭിച്ചു.

കടലും തോണിയും മനുഷ്യജീവിതവുമായി ഏറെ ബന്ധപ്പെട്ട് കിടക്കുന്നവയാണ്. പഴയ നിയമത്തിൽ ദൈവത്തിന്റെ കല്പനപ്രകാരം മോശ കടലിനുമീതെ കൈനീട്ടി. കർത്താവ് രാത്രിമുഴുവൻ ശക്തമായ കിഴക്കൻ കാറ്റയച്ചു. കടലിനെ പകുത്തുമാറ്റി. കടലിലൂടെ വിജനമായ പാത തെളിഞ്ഞു. ഇസ്രായേൽക്കാർ ആ പാതയിലൂടെ സുരക്ഷിതരായി നടന്നു. കാറ്റിനെയും കടലിനെയും നിയന്ത്രിച്ച് ഇസ്രായേൽക്കാരെ മോചിപ്പിക്കുന്ന ദൈവത്തിന്റെ ചിത്രമാണ് പുറപ്പാട് പുസ്തകം അവതരിപ്പിക്കുന്നത്.



പഴയ നിയമത്തിലെ ചെങ്കടലിൽനിന്നും അൽപ്പം വ്യത്യാസത്തിലാണ് ഗലീലക്കടലിലെ സുവിശേഷകൻ അവതരിപ്പിക്കുന്നത്. കടലിൽ രൂപപ്പെട്ട വലിയ കൊടുങ്കാറ്റിൽനിന്നും രൂപപ്പെട്ട പ്രാർത്ഥന മത്തായി ശ്ലീഹ വരച്ചു കാട്ടുന്നുണ്ട്. ഹൃദയത്തിന്റെ അഗാധത്തിൽനിന്ന് ഉയരുന്ന വലിയൊരു പ്രാർത്ഥന – 'കർത്താവേ രക്ഷിക്കണമേ'... മരണത്തെ മുഖാഭിമുഖം കാണുന്ന ഏതൊരു വ്യക്തിയും പ്രാർത്ഥിക്കുന്നത് ഇങ്ങനെയായിരിക്കാം.

ജീവിതത്തിൽ പ്രതീക്ഷ നഷ്ടപ്പെട്ടവരും, ഇനിയെങ്ങനെ മുന്നോട്ടു പോകും എന്ന് ചിന്തിക്കുന്നവരും ഒരു പക്ഷെ ജീവിതത്തിൽ പ്രാർത്ഥിക്കുന്നത് കർത്താവേ രക്ഷിക്കണമേ എന്നായിരിക്കാം.

കർത്താവേ, അങ്ങേക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കാൻ കഴിയും എന്ന കുഷ്ഠരോഗിയുടെ അപേക്ഷയും, അവന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ ഒന്നുസ്പർശിച്ചാൽ മതി തനിക്ക് സൗഖ്യം കിട്ടും എന്ന് വിചാരിച്ച രക്തസ്രാവക്കാരിയും, ദീവിദിന്റെ പുത്രാ ഞങ്ങളിൽ കനിയണമേ എന്ന് അപേക്ഷിക്കുന്ന അന്ധരിലും കാനാൻകാരി സ്ത്രീയിലും കർത്താവേ രക്ഷിക്കണമേ എന്ന ഇടനെഞ്ച് കീറിയുള്ള പ്രാർത്ഥന കാണാം. കണ്ണുനീര് കലർന്ന പ്രാർത്ഥന ദൈവസന്നിധിയിൽ വേഗം എത്തിച്ചേരും.

അപ്രതീക്ഷിതമായ കൊടുങ്കാറ്റിൽ തോണി ഉലഞ്ഞപ്പോഴാണ് ശ്ലീഹന്മാർ പ്രാർത്ഥിച്ചത്. തോണിയെയും കൊടുങ്കാറ്റിനെയും കടലിനെയും ഒന്ന് താരതമ്യപ്പെടുത്താം. കടല് ഈ ലോകമാണ്. തോണി നാം ഓരോരുത്തരും. കൊടുങ്കാറ്റ് നമ്മുടെ ജീവിതത്തിലേക്ക് ഇരച്ച് കയറുന്ന തകർച്ചകളും, രോഗങ്ങളും, പ്രതീക്ഷകൾ നഷ്ടപ്പെട്ട കാലങ്ങളും, പരാജയങ്ങളും, ഒന്നിലും വിജയിക്കാത്ത അവസ്ഥകളും ആയിരിക്കാം.



ഏതെല്ലാം അവസ്ഥകളിലൂടെ തോണിയാകുന്ന ജീവിതം നീങ്ങിയാലും ഇന്നത്തെ സുവിശേഷഭാഗം നമ്മോടു പറയുകയാണ്, നീ ഒന്നുകൊണ്ടും ഭയപ്പെടേണ്ട. നിന്റെ ഗുരു നിന്റെ ജീവിതമാകുന്ന തോണിയിൽ തന്നെയുണ്ട്. നീ ഒന്ന് ഹൃദയം തുറന്ന് വിളിച്ചാൽ മതി. അവിടുന്ന് ഓടിയെത്തും. നീ ദൈവത്തിന്റെ അടുത്തേക്ക് ഒരടി നടന്നാൽ അവിടുന്ന് നിന്റെ അടുത്തേക്ക് പത്തടി നടക്കും. നീ ഒന്ന് ദൈവത്തെ വിളിച്ചുണർത്തിയാൽ മതി. നീ ഒന്ന് തിരിഞ്ഞാൽ മതി. നിന്റെ ദൈവം ഇതാ നിന്റെ തോണിയിൽ തന്നെ. നീ ഉറച്ച് വിശ്വസിക്കുക. ഇതാ ദൈവം നിന്നോടുകൂടെ എന്നർത്ഥമുള്ള 'ഇമ്മാനുവേൽ' ആയി അവൻ കൂടെയുണ്ട്.

യഥാർത്ഥത്തിൽ ജീവിതത്തിൽ നാം കണ്ടുമുട്ടുന്ന സകല പ്രശ്നങ്ങളും നിന്നെ ദൈവത്തിലേക്ക് അടുപ്പിക്കുന്നതായിരിക്കണം. സകല പ്രശ്നങ്ങളിലും ദൈവസാന്നിദ്ധ്യം തിരിച്ചറിയണം. ശിശുവിനെയും കൊണ്ട് പലായനം ചെയ്ത വി.യൗസേപ്പും പാപിനിയായ സ്ത്രീയും ജീവിതപ്രശ്നങ്ങളിൽ ദൈവസാന്നിദ്ധ്യം തിരിച്ചറിഞ്ഞവരാണ്. അവിടുത്തെ ഒന്ന് വിളിച്ചാൽ അവിടുന്ന് കൃത്യസമയത്ത് ജീവിതത്തിൽ ഇടപെടും. യേശു ജീവിതമാകുന്ന തോണിയിൽ ഉണ്ടെങ്കിൽ നാം എന്തിന് ഭയപ്പെടുന്നു.

അവസാനമായി നമുക്ക് ഒന്നുകൂടി ഓർക്കാം. ദൈവമേ...കടലിൽ വഴികാണാതെ ഉഴലുന്ന നൗകക്ക് സമാനമാണ് എന്റെ ജീവിതം. ദൈവമേ ജീവിതത്തിന്റെ ഏതൊരു അവസ്ഥയിലും കർത്താവ് രക്ഷിക്കണമേ' എന്ന പ്രാർത്ഥനയോടെ വ്യാപരിക്കുവാൻ ഇടവരുത്തണമേ. ജീവിതത്തിന്റെ മരുഭൂമിയനുഭവത്തിലും അങ്ങയെ വളിച്ചുണർത്തുവാനുള്ള കൃപയും എനിക്ക് നൽകണമേ. അങ്ങയിലേക്ക് കണ്ണുകൾ ഉയർത്തി സുലഭമായി അനുഗ്രഹം പ്രാപിക്കാൻ എന്നെ അനുഗ്രഹിക്കണമേ.

